# കേരളത്തിൽ നടക്കാതെപോയ സാമൂഹ്യവനവൽക്കരണം

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

കേരളത്തിൽ നടക്കാതെപോയ സാമൂഹ്യ വനവൽക്കരണം ○ തയ്യാറാക്കിയത്: പരിഷത് പരിസരസെൽ ○ പ്രസിദ്ധീകരണം, വിതരണം: കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, തൃശൂർ–680002, ○ അച്ചടി: സോഷ്യൽ സയൻറിസ്റ്റ് പ്രസ്സ്, തിരുവനന്തപുരം ○ ഒന്നാം പതിപ്പ്: ജൂൺ 1989, വില: 1 രൂപ.

Malayalam: Social Forestry Programme that never took place in Kerala ○ Prepared by: KSSP, Environment Cell ○ Published & distributed by: KSSP, Trichur-680002 ○ അച്ചടി: S S Press, Trivandrum ○ First Edition : June 1989, Price : Rs 1.00

KSSP 0410 IE June 89 1K 100 LL-8/ENV-89

ദേശീയ കാർഷിക കമ്മീഷൻ 1973 ൽ അംഗീകരിച്ച നയത്തിലാണ് സാമൂഹ്യവനവൽകരണത്തിൻെറ പ്രസക്തി ഊന്നി പറഞ്ഞിട്ടുള്ളത്. വിറക്, ചെറുതടി, കാലിതീററ, പച്ചിലവളം മുതലായവ സ്വകാര്യഭൂമിയിലും, സർക്കാർ ഭൂമിയിലും ഉൽപാദിപ്പിച്ച് മരവിഭവങ്ങളുടെ കാര്യത്തിലും തൊഴിലിൻെറ കാര്യത്തിലും സമൂഹത്തെ സ്വയം പര്യാപ്തമാക്കുക എന്നതാണ് സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ മുഖ്യലക്ഷ്യമായി കമ്മീഷൻ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

കേരളം ഒഴികെയുള്ള ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സവിശേഷമായ ഭൂപ്രകൃതിയും കാലാവസ്ഥയുമാണ് സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ആസൂത്രണത്തിന് ആധാരമായി കണക്കിലെടുത്തിട്ടുള്ളത്. വിശാലമായ തരിശു പ്രദേശങ്ങളും, വരണ്ടതും ഫലപുഷ്ടി കുറഞ്ഞതുമായ മണ്ണും കേരളമൊഴിച്ചുള്ള മിക്ക സംസ്ഥാനങ്ങളുടെയും പ്രത്യേകതയാണ്. അനിയന്ത്രിതമായ വനനശീകരണംമൂലം തരിശായി മാറിയ വനഭൂമിക്ക് പുറമേയുള്ള റവന്യൂ ഭൂമികളാണ് കൃഷിയോഗ്യമല്ലാതെ തരിശായി കിടക്കുന്ന പ്രദേശങ്ങളിൽ അധികവും. ഇത്തരം തരിശുഭൂമികളെ ജനപങ്കാളിത്തത്തോടെ വൻതോതിൽ വൃക്ഷവൽക്കരിക്കുക എന്നതാണ് സാമൂഹ്യവനവൽകരണത്തിൻെറ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്ന്.

അഞ്ചാം പഞ്ചവൽസരപദ്ധതിയുടെ ഭാഗമായി 1976ൽ ഇന്ത്യയിലെ ഇരുപത്തിരണ്ട് സംസ്ഥാനങ്ങളിൽ സാമൂഹ്യ

വനവത്ക്കരണപദ്ധതി നടപ്പിൽ വന്നു. ഇതിൻെറ ഫലമായി സംസ്ഥാന വനംവകുപ്പുകളോടനുബന്ധിച്ച് പ്രത്യേകം സംവിധാനങ്ങളും ഏർപ്പെടുത്തി. നാലുതരത്തിലുള്ള പ്രവർത്തനപദ്ധതികൾക്കാണ് രൂപം കൊടുത്തത്.

### (1) ഫാം ഫോറസ്ട്രി

സ്വകാര്യഭൂമിയിലെ വൃക്ഷവൽക്കരണമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വീട്ടുവളപ്പിലും സ്വന്തം കൃഷിസ്ഥലങ്ങൾക്കുചുററും സാദ്ധ്യമായ സ്ഥലങ്ങളിൽ വിറകാവശ്യത്തിനും, ചെറുതടിയാവശ്യങ്ങൾക്കും, കാലിത്തീററ, പച്ചിലവളം എന്നിവയ്ക്കും അനുയോജ്യമായ സസ്യജനുസ്സുകൾ നട്ടുസംരക്ഷിക്കുക എന്നതാണ് ഇതിൻെറ ലക്ഷ്യം.

### (2) വില്ലേജ് എക്സ്സ്ററൻഷൻ ഫോറസ്ട്രി

പഞ്ചായത്ത് പുറമ്പോക്ക് ഭൂമികളിലും, മററു സർക്കാർ വക തരിശു സ്ഥലങ്ങളിലും ജനപങ്കാളിത്തത്തോടെ വൃക്ഷവൽകരണം നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള സാമൂഹ്യ വനവൽകരണ പരിപാടിയാണിത്.

### (3) അവന്യൂ ഫോറസ്ട്രി

തടാകങ്ങൾ, റോഡുകൾ, റെയിൽവേ ലൈനുകൾ, സമുദ്രതീരങ്ങൾ, പാർക്കുകൾ, പൊതുസ്ഥലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നടത്താവുന്ന സാമൂഹ്യവനവൽക്കരണ പരിപാടിയാണ് ഇത്.

### (4) റി–ഫോറസ്റേറഷൻ

വനനശീകരണം വഴി തരിശായിമാറിയ വനഭൂമികളെ പുനരുദ്ധരിക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ട് ഉചിതമായ സസ്യജനുസ്സുകൾ നട്ടുപിടിപ്പിക്കുക. പൾപ്പ് ആവശ്യത്തിനു ഉപയോഗിക്കുന്ന യൂക്കാലി, തീപ്പെട്ടി ആവശ്യത്തിനുള്ള മട്ടി, തുടങ്ങി വ്യവസായിക പ്രാമുഖ്യമുള്ള മരങ്ങളുടെ തോട്ടങ്ങൾ വൻതോതിൽ വച്ചുപിടിപ്പിക്കാൻ ഈ തരിശ് വിനിയോഗിക്കുക, എന്നതായിരുന്നു ഇതിൻെറ ലക്ഷ്യം.

സാമൂഹ്യവനവൽക്കരണ പദ്ധതി നടപ്പാക്കുന്നതിന് ഒട്ടേറെ വിദേശ ഏജൻസികളിൽ നിന്ന് വായ്പ സ്വീകരി

ക്കുകയുണ്ടായി. ലോകബാങ്ക്, സ്വീഡിഷ് ഇൻറർനാഷണൽ ഡവലപ്മെൻറ് ഏജൻസി, അമേരിക്കൻ ഏജൻസി, (The United States Agency for International Development), കനേഡിയൻ ഇൻറർനാഷണൽ ഏജൻസി, എന്നിവയിൽ നിന്നാണ് വായ്പാധനം സ്വീകരിച്ചിട്ടുള്ളത്. ഇപ്രകാരം ലഭ്യമായ പണം വിവിധ സംസ്ഥാനങ്ങളിൽ വിവിധ പദ്ധതികളിലൂടെയാണ് വിനിയോഗിക്കപ്പെട്ടത്. ദേശീയ ഗ്രാമീണ തൊഴിൽദാനപദ്ധതി, ഗ്രാമീണ വിറകുമരത്തോട്ട പദ്ധതി, ചെറുകിട കർഷകർക്കായുള്ള സഹായപദ്ധതി, ലോകബാങ്കു സഹായപദ്ധതി എന്നിങ്ങനെ ഒട്ടേറെ വഴിക്ക് സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പിൽ വരുത്താനുള്ള ശ്രമങ്ങൾ 1976 മുതൽക്ക് ഇൻഡ്യയിൽ ആരംഭിച്ചിരിക്കുന്നു.

## സാമൂഹ്യവനവൽക്കരണം കേരളത്തിൽ

ദേശീയതലത്തിൽ രൂപംകൊടുത്ത സാമൂഹ്യവനവൽക്കരണ പദ്ധതിക്ക് കേരളത്തിൽ തുടക്കമിട്ടത് 1982–83 സാമ്പത്തിക വർഷത്തിൽ മാത്രമാണ്. ഈ പദ്ധതിക്ക് പശ്ചാത്തലമായി അന്ന് കേരളത്തിൽ നിലനിന്നിരുന്ന സവിശേഷ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

കേരളത്തിൽ വിറകിൻെറ വാർഷിക ഉപഭോഗം 100-120 ലക്ഷം ടൺ ആണ്. ഇതിൻെറ 90 ശതമാനവും വീട്ടാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഉപഭോഗം ഇന്നത്തെ നിരക്കിൽ തുടരുകയാണെങ്കിൽ 2000-ാം മാണ്ടിൽ ഏതാണ്ട് 150 ലക്ഷം ടൺ വിറക് ആവശ്യമായി വരുമെന്ന് പ്രതീക്ഷിക്കുന്നു. തെങ്ങിൽനിന്നും റബ്ബർ തുടങ്ങിയ മററു സസ്യങ്ങളിൽ നിന്നും ലഭിക്കുന്ന വിറക്, കാട്ടിൽനിന്ന് അധികൃതമായും അനധികൃതമായും ശേഖരിക്കുന്ന വിറക്, ഇവയെല്ലാം ഉപയോഗിച്ചാണ് ഇപ്പോൾ ആവശ്യങ്ങൾ നിറവേററിവരുന്നത്. തെങ്ങിൽനിന്നു തന്നെ 40-50 ലക്ഷം ടൺ വിറക് ലഭിക്കുന്നുണ്ട്. വനത്തിൽനിന്ന് 10-15 ലക്ഷവും. ബാക്കി നാടൻ മരങ്ങളിൽനിന്നും ചപ്പുചവറുകളായും ലഭിക്കുന്നു.

കേരളത്തെ സംബന്ധിച്ച് വിറകുക്ഷാമം മററു സംസ്ഥാനങ്ങളെപ്പോലെ രൂക്ഷമായ ഒരു പ്രശ്നമല്ല. വനവി

ഭവങ്ങളുടെ ലഭ്യതയും വിനിയോഗവും സംബന്ധിച്ച് 1982-83 മുതൽ 1995-96 കാലയളവുവരെയുള്ള പേഴ്സ്പെക്റ്റീവ് പ്ലാനിൽ ശ്രീ. സി. കെ. കരുണാകരൻ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി വിറകിന്റെ ലഭ്യത കുറഞ്ഞുവരുകയും ജനസംഖ്യാവർദ്ധനവിനനുസരിച്ച് വിറകിന്റെ ഉപഭോഗം കൂടിവരുകയും ചെയ്യുന്നു. കൂടാതെ വിലവർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. തെങ്ങിനെ ബാധിച്ചിരിക്കുന്ന കാററുവീഴ്ചാരോഗവും അതുവഴിയുണ്ടായ ഉൽപാദന തകർച്ചയും വിറകുലഭ്യതയെ സാരമായി ബാധിച്ചിട്ടുണ്ട്.

വിറകുക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ തടിയും വിറകും നാട്ടിൽതന്നെ ഉൽപാദിപ്പിക്കുവാനുള്ള സാദ്ധ്യതകൾ നമ്മുടെ സംസ്ഥാനത്തിലെ ഭൂവിതരണക്രമവുമായി ബന്ധപ്പെടുത്തി പരിശോധിച്ചു നോക്കാം.

കൈവശ ഭൂമിയുടെ അടിസ്ഥാനത്തിൽ നമ്മുടെ പുരയിടങ്ങളെ 5 വിഭാഗങ്ങളായി തരംതിരിക്കാം:

ഒരു ഹെക്ടറിനുതാഴെ, 1 മുതൽ 2 ഹെക്ടർ വരെ, 2 മുതൽ 4 ഹെക്ടർവരെ, 4 മുതൽ 10 ഹെക്ടർവരെ 10 ഹെക്ടറിനുമുകളിൽ. സംസ്ഥാനത്ത് ഒട്ടാകെ 33 ലക്ഷം പുരയിടങ്ങൾ ഉള്ളതായാണ് കണക്ക്.

| കൈവശഭൂമി ഹെക്ടർ | പുരയിടങ്ങളുടെ എണ്ണം |
|---|---|
| 0.02–0.99 | 28, 66, 518 |
| 1–1.99 | 2, 76, 917 |
| 2–3.99 | 1, 12, 195 |
| 4–9.99 | 33, 047 |
| 10 നു മുകളിൽ | 3, 497 |
| ആകെ | 32, 92, 174 |

കേരളത്തിലെ 90 ശതമാനം പുരയിടങ്ങളും ഒരു ഹെക്ടറിനു താഴെ മാത്രം വിസ്തീർണം ഉള്ളവയാണ്. ഇവയുടെ ശരാശരി വിസ്തീർണം 0.4 ഹെക്ടർ മാത്രമാണ്. നമ്മുടെ വീട്ടുവളപ്പുകളിൽ ഉപയോഗശൂന്യമായ സ്ഥലം വളരെ പരിചിതമാണ്. സാമൂഹ്യവനവൽക്കരണപദ്ധതി

യിൽ നിഷ്കർഷിക്കുന്ന വിറകുമരങ്ങൾ വച്ചു പിടിപ്പിക്കാൻ ഇന്നു നിലനിൽക്കുന്ന ഫലവൃക്ഷങ്ങളും, മററു സസ്യങ്ങളും നശിപ്പിക്കേണ്ടിവരും. നമ്മുടെ വീട്ടുവളപ്പുകളുമായി ബന്ധപ്പെട്ട കായ്ക്കറി കൃഷിഭൂമിയിലും, നെൽപ്പാടങ്ങളിലും ചെറുതടികൾ, വിറക്, കാലിതീററ പുല്ല്, പച്ചിലവളം എന്നിവയെ ലക്ഷ്യമാക്കി വൃക്ഷത്തൈകൾ വൻതോതിൽ നടുക അപ്രായോഗികമാണ്. വേലിയോട് ചേർന്ന് ഏതാനും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാൻമാത്രമേ മിക്ക പുരയിടങ്ങളിലും സ്ഥലം കാണുകയുള്ളൂ. ഇങ്ങനെ നോക്കുമ്പോൾ ഇന്നുള്ള വൃക്ഷങ്ങൾക്കുപുറമേ ഒരു പുരയിടത്തിൽ പത്തോ പതിനഞ്ചോ തൈകൾ നടാനായേക്കും. ഈ രീതിയിൽ കണക്കാക്കുമ്പോൾ കേരളത്തിൽ ആവശ്യംവരുന്ന വൃക്ഷത്തൈകളുടെ എണ്ണം ഏതാണ്ട് 3-4 കോടി മാത്രമാണ് എന്നു കാണാം.

## ഏതുതരം മരങ്ങൾ നടണം?

വിറകുൽപാദനം ലക്ഷ്യമാക്കി വീട്ടുവളപ്പുകളിൽ ഇപ്പോൾ നിലവിലുള്ള കാർഷിക മുറകളിൽ സാരമായ മാററം വരുത്തുവാൻ ശ്രമിക്കുന്നത് അശാസ്ത്രീയമാണ്. കേരളത്തിലെ ആളോഹരി വിറക് ഉപഭോഗം പ്രതിവർഷം 500–600 കിലോഗ്രാമാണ്. ഇത്രയും കൂടുതൽ വിറക് ഉപയോഗിക്കേണ്ടി വരുന്നതിൻെറ പ്രധാനകാരണം ദക്ഷത കുറഞ്ഞ അടുപ്പുകളുടെ ഉപയോഗമാണ്. ഇപ്പോഴത്തെ അടുപ്പുകളുടെ ശരാശരി ദക്ഷത 9–10 % മാത്രമാണ്. ഇത് 30 ശതമാനമായി വർദ്ധിപ്പിക്കുന്നതുമൂലം പ്രതിശീർഷ വിറകാവശ്യം ഏതാണ്ട് 350 കിലോഗ്രാമിൽ ഒതുക്കി നിർത്താൻ കഴിയും. ഇതിനുപകരം വിറകുൽപാദനത്തിനുവേണ്ടി നമ്മുടെ ഫലപുഷ്ടിയുള്ള മണ്ണും, കാലാവസ്ഥയിലെ അനുകൂലഘടകങ്ങളും പ്രയോജനപ്പെടുത്തുന്നത് ബുദ്ധിപൂർവകം ആകില്ല. കൃഷി ഭൂമി കാർഷികവിളകൾക്കായി നീക്കിവയ്ക്കുന്നതുതന്നെയാണ് നമുക്ക് ലാഭകരം. ചുരുക്കത്തിൽ, ''കൃഷിയിടങ്ങളിൽ നിന്ന് ലാഭകരമായ വിറകുൽപാദനം'' എന്ന ലോകബാങ്ക് മുദ്രാവാക്യം കേരളത്തിന് ഒട്ടും അനുയോജ്യമല്ല.

ഇങ്ങനെ നോക്കുമ്പോഠ സാമൂഹ്യവനവൽക്കരണത്തി ൻെറ ഭാഗമായി കേരളത്തിൽ പ്രോൽസാഹിപ്പിക്കേണ്ടത് തെങ്ങും മററു ഫലവൃക്ഷജനുസ്സുകളുമാണ്. മാവ്, പ്ളാവ്, കടപ്ളാവ്, നെല്ലി, വാളംപുളി തുടങ്ങി ഒട്ടേറെ ഫലവൃക്ഷങ്ങഠ നമ്മുടെ മണ്ണിൽ പിടിക്കുന്നതും മിശ്ര വിളയായി പാരമ്പര്യമായി സംരക്ഷിച്ചു വരുന്നതുമാണ്. മട്ടി, പീലിവാക, കാററാടി, പൂപ്പരത്തി, മുരുക്ക് തുടങ്ങി യ വൃക്ഷങ്ങളും ആവശ്യത്തിനും സൗകര്യങ്ങഠക്കും അനു സൃതമായി പ്രോൽസാഹിപ്പിക്കാവുന്നതാണ്. ഇതുവഴി നമ്മുടെ വിറകാവശ്യങ്ങളും മററും പരിഹരിക്കാനും സഹാ യകമാകും.

കേരളത്തിൽ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയുടെ വിസ്തീർണ്ണം 86, 217 ഹെക്ടർ ആണെന്ന് 1980-81-ൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. ഈ തരിശുപ്രദേശങ്ങഠ പുനരു ദ്ധരിക്കുന്നതിനുള്ള ശ്രമങ്ങഠ സാമൂഹ്യവനവൽക്കരണ ത്തിൻെറ ഭാഗമായി നടപ്പാക്കാൻ കഴിയും. ഇവിടെ അവശേ ഷിക്കുന്ന മണ്ണ് സംരക്ഷിക്കാനും കൂടുതൽ "ലാററൈ സേഷൻ" ഒഴിവാക്കാനും ഇത് സഹായകരമാകും. മഴക്കാല ത്തെ ഇത്തരം തരിശുപ്രദേശങ്ങളിൽ ഒഴുക്ക് കൂടുതലായി രിക്കും. അതുകൊണ്ട് ഭൂഗർഭജലം സംപുഷ്ടമാക്കുന്ന തിൽ ഈ ഭൂമിക്ക് കാര്യമായ പങ്കുവഹിക്കാൻ കഴിയുന്നില്ല. ഇത്തരം വസ്തുതകഠ കണക്കിലെടുത്തുകൊണ്ട് തരിശു ഭൂമികഠ വൃക്ഷവൽകരിക്കുന്നത് പരിസ്ഥിതി പ്രശ്ന ങ്ങഠക്ക് ഒരളവുവരെ പരിഹാരമാകും. എന്നാൽ ഫലപു ഷ്ടി കുറഞ്ഞ പ്രദേശങ്ങളിൽ വളർത്തേണ്ട സസ്യജനു സ്സുകഠ ബോധപൂർവ്വം തെരഞ്ഞെടുക്കേണ്ടതുണ്ട്. കള വർഗത്തിൽപ്പെട്ട സസ്യങ്ങഠ ഫലപുഷ്ടി കുറഞ്ഞ മണ്ണി ലായാലും പെട്ടെന്ന് വളരും. അതുപോലെ യൂക്കാലി, അക്കേഷ്യ, ഓറിക്കുലിഫോർമിസ്, സുബാബുഠ, കാററാടി, മഹാഗണി, ഗുൽമോഹർ തുടങ്ങിയ സസ്യങ്ങളും താരത മ്യേന ഫലപുഷ്ടി കുറഞ്ഞമണ്ണിൽ ആയാൽപോലും വേഗ ത്തിൽ വളരുന്നവയാണ്. പക്ഷേ ഇവയെല്ലാം വിദേശ സസ്യജനുസ്സുകളാണ്. അവയുടെ ചില സവിശേഷ തകഠ മാത്രം വച്ചുകൊണ്ട് ഇത്തരം വിദേശീയ സസ്യങ്ങഠ വ്യാപകമായി പ്രചരിപ്പിക്കുന്നത് അശാസ്ത്രീയമാണ്.

കേരളത്തിലേതുപോലെ അതിസങ്കീർണ്ണമായ പരിസ്ഥിതിയിൽ ഇവ ഒട്ടേറെ പ്രതികൂലമാററങ്ങൾ ഉണ്ടാക്കിയേക്കും. വിദേശ സസ്യജനുസ്സുകളുമായിബന്ധപ്പെടുത്തി ചൂണ്ടിക്കാണിക്കപ്പെടുന്ന പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നു. ഒന്നാമതായി, അവയുടെ അനിയന്ത്രിതമായ വളർച്ച, രണ്ടാമതായി, അതുമൂലം മണ്ണിലെ പോഷകങ്ങളുടേയും ഈർപ്പത്തിൻെറയും അളവിൽ വരുന്ന വ്യത്യാസങ്ങൾ, അവസാനമായി, ഈ മാററങ്ങൾകൊണ്ട് നാടൻവിളകൾക്ക് സംഭവിക്കുന്ന ദൂഷ്യങ്ങൾ. ഇത്രയും കാര്യങ്ങളെ സംബന്ധിച്ച് വസ്തുനിഷ്ടമായ പഠനങ്ങൾ നടത്തിവേണം വിദേശ സസ്യങ്ങളിൽ പെട്ടെന്ന് വളർന്ന് പരക്കുന്ന സ്വഭാവമുൾക്കൊള്ളുന്ന ജനുസ്സുകൾ ഒരു പ്രദേശത്ത് പുതുതായി കൊണ്ടുവരാൻ. ഇത്തരം പഠനങ്ങൾ പൂർത്തിയാക്കാതെ അക്കേഷ്യ, യൂക്കാലി തുടങ്ങി ശാസ്ത്രീയ വിവാദങ്ങൾക്കു വിധേയമായിട്ടുള്ള സസ്യജനുസ്സുകൾ വൻതോതിൽ നട്ടുപിടിപ്പിക്കുന്നത് തെററാണ്. അക്കേഷ്യ, യൂക്കാലി എന്നിവയുടെ ഒററപ്പെട്ട ചില ധർമ്മങ്ങളെ സംബന്ധിച്ച് ചില പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും അവയുടെ അടിസ്ഥാനത്തിൽ ഈ ജനുസ്സുകൾ ഉപയോഗിച്ചുള്ള വൃക്ഷവൽക്കരണം പ്രോൽസാഹിപ്പിക്കാവുന്നതാണ് എന്ന് തോന്നുന്നില്ല.

ഫലപുഷ്ടികുറഞ്ഞ മണ്ണുള്ള കൃഷിയോഗ്യമല്ലാത്ത തരിശുകളിൽ വളർത്താൻ കഴിയുന്ന നാടൻ സസ്യജനുസ്സുകൾ നമുക്ക് ധാരാളമായുണ്ട്. ഇത്തരം സസ്യങ്ങൾ നാട്ടിൻപുറങ്ങളിൽ നിരവധി ആവശ്യങ്ങൾക്ക് [multi-use] ഉപയോഗിച്ചു വരുന്നവയാകാം. നൈസർഗിക വനങ്ങളിൽ കാണുന്ന മുള ഉൾപ്പെടേയുള്ള ഒട്ടേറെ സസ്യജനുസ്സുകൾ ഇത്തരത്തിൽ പരിശോധനാ വിധേയമാക്കാവുന്നവയാണ്. ഇപ്രകാരം ശ്രദ്ധാപൂർവ്വം നടത്തുന്ന പ്രാദേശിക പഠനത്തിൻെറ അടിസ്ഥാനത്തിലാകണം തരിശുഭൂമി വൃക്ഷവൽകരണത്തിന് അനുയോജ്യമായ വൃക്ഷജനുസ്സുകൾ തെരഞ്ഞെടുക്കേണ്ടത്. മണ്ണിൻെറ ഗുണവ്യത്യാസവും സൂഷ്മ സ്തൂല കാലാവസ്ഥാവ്യതിയാനങ്ങളും എല്ലാം അവഗണിച്ചുകൊണ്ട് രണ്ടോ, മൂന്നോ ജനുസുകൾ കേ

രളത്തിൽ പരക്കെ പ്രചരിപ്പിക്കുന്ന രീതി തെററാണ്. യൂക്കാലിയും, അക്കേഷ്യയും വളർത്താവുന്ന സ്ഥലങ്ങളും ഇത്തരം തരിശുഭൂമിയിൽ ചിലയിടത്ത് കണ്ടേക്കാം. ഇത്തരം സ്ഥലങ്ങളിൽ ശ്രമിച്ചുനോക്കാവുന്ന നാടൻ ജനുസ്സുകളും നമുക്കുണ്ട്. ഇത്തരത്തിൽ ശാസ്ത്രീയമായ പരിഗണനകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സമഗ്രമായ ഒരു പദ്ധതിയായിരിക്കണം നമ്മുടെ സാമൂഹ്യവനവൽക്കരണ പദ്ധതി.

## വഴിയോര വൃക്ഷവൽക്കരണം

കേരളത്തിൽ 1.03 ലക്ഷം കിലോമീററർ റോഡുണ്ട്. ഇതിൽ 18,821 കിലോമീററർ പൊതുമരാമത്തു റോഡുകളും 839 കി: മീ: നാഷണൽ ഹൈവേയുമാണ്. ബാക്കി ഏതാണ്ട് 82,913 കി: മീ: പഞ്ചായത്തു റോഡുകളുമാണ്. സംസ്ഥാനത്തൊട്ടാകെ പഞ്ചായത്തു റോഡുകൾ ഒഴികെയുള്ള പ്രധാന റോഡുകളുടെ രണ്ടുവശത്തുമായി ഏതാണ്ട് 40,000 കി: മീ: ദൂരത്തിൽ കഴിയുന്നത്ര സ്ഥലത്ത് സാമൂഹ്യവനവൽക്കരണംവഴി അനുയോജ്യമായ വൃക്ഷത്തൈ വച്ചുപിടിപ്പിക്കുവാൻ കഴിയും. തെങ്ങിനും ഫലവൃക്ഷത്തൈകൾക്കുമാണ് പ്രാമുഖ്യം നൽകേണ്ടത്. സംസ്ഥാനത്തിൻെറ 916 കി: മീ: റെയിൽവേക്ക് ഇരുവശവും ഇത്തരം വൃക്ഷവൽക്കരണം നടത്താവുന്നതാണ്. റെയിൽവേയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽവരുന്ന സ്ഥലങ്ങൾ ഉൾപ്പെടെ ഇതിനായി ഉപയോഗിക്കാം. എന്നാൽ മേൽ സൂചിപ്പിച്ചപോലെ അനുയോജ്യവും വിവിദോദ്ദേശ്യത്തോടുകൂടിയുള്ളതുമായ (multi-use) വൃക്ഷ ജനുസ്സുകൾ തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കണമെന്നു മാത്രം.

കേരളത്തിൻെറ തീരപ്രദേശത്ത് ഏതാണ്ട് 600 കി: മീററർ ദൂരം സാമൂഹ്യവനവൽക്കരണത്തിനായി പ്രയോജനപ്പെടുത്താം. എന്നാൽ ഇത് സമുദ്രതീരസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകാണേണ്ട ഒരു പ്രവർത്തനമാണ്. സമുദ്രതീര ഇക്കോസിസ്ററത്തിൻെറ മൊത്തം സംരക്ഷണത്തിനു വിലങ്ങുതടിയാവുന്ന ഒരൊററ സസ്യജനുസ്സുകളും ഇവിടെ ആവശ്യമില്ലാത്തതാണ്. സമുദ്രതീര

പ്രദേശങ്ങളിൽ ഏററവും നന്നായി വളരുന്നതും ആദായകരമായി വച്ചുപിടിപ്പിക്കാവുന്നതുമായ ഒരു ജനുസ്സാണ് കാററാടി. തീരപ്രദേശങ്ങളിൽ തിങ്ങിപ്പാർക്കുന്നവരുടെ വിറകുപഭോഗം ഒരളവുവരെ നിറവേററാനും ഇത് സഹായകമാവും. നമ്മുടെ ചതുപ്പുവനങ്ങളിലും മററും കണ്ടിരുന്നതും ഇന്നേറെക്കുറെ നാമാവശേഷമായിക്കഴിഞ്ഞിരിക്കുന്നതുമായ ഒട്ടേറെ ഇനം സസ്യജനുസ്സുകളുടെ പുനഃരുദ്ധാരണത്തിന് ഈ സംരംഭം പ്രയോജനപ്പെടുത്താം. ഇക്കാര്യത്തിൽ നമ്മുടെ തടാകങ്ങളുടെയും മററു ജലാശയങ്ങളുടെയും തീരങ്ങളെ ഉൾപ്പെടുത്തി വിപുലമായ ഒരു പദ്ധതിയാക്കി പ്രയോഗത്തിൽ വരുത്താൻ സാമൂഹ്യവനവൽക്കരണത്തിന് ബോധപൂർവ്വം ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## പൊതുസ്ഥല വനവൽക്കരണം

കമ്മ്യൂണിററി ഫോറസ്ട്രി (പൊതുസ്ഥല വനവൽക്കരണം) നടപ്പാക്കുന്നതിനും കുറെയൊക്കെ സാദ്ധ്യതകൾ കേരളത്തിലുണ്ട്. പഞ്ചായത്തു പുറംപോക്കുകളും പൊതുസ്ഥാപനങ്ങളിലെ വെളിപ്രദേശങ്ങളും ഇതിനായി പ്രയോജനപ്പെടുത്താൻ കഴിയും. ദേശീയ ഗ്രാമീണ തൊഴിൽ ദാന പദ്ധതിയുടെ ഭാഗമായും വില്ലേജ് എക്സ്റെറൻഷൻ ഫോറസ്ട്രിയുടെ ഭാഗമായും ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്താം. മേൽ സൂചിപ്പിച്ച തരത്തിലുള്ള സസ്യജനുസ്സുകൾ ഇതിനായി തെരഞ്ഞെടുക്കുകയും ജനകീയ പങ്കാളിത്തത്തോടെ അവ നട്ടു സംരക്ഷിക്കുകയുമാണ് ചെയ്യേണ്ടത്.

## വനമേഖലയിലെ വൃക്ഷവൽക്കരണം

സാമൂഹ്യ വനവൽക്കരണത്തിൻെറ ഭാഗമായി ദേശീയ തലത്തിൽ അംഗീകരിച്ചിട്ടുള്ള ഒരു പ്രവർത്തനമാണ് വനമേഖലയിലെ തരിശുഭൂമി വൃക്ഷവൽക്കരണം. എന്നാൽ സുപ്രധാനമായ ഈ ലക്ഷ്യത്തിൻെറ പൂർണ്ണമായ അന്തസത്ത ഉൾക്കൊള്ളാൻ ദേശീയ തലത്തിലുള്ള ആസൂത്രണത്തിന് കഴിഞ്ഞില്ല. അതുകൊണ്ട് തരിശുഭൂമി വൃക്ഷവൽക്കരണമെന്നത് പരപ്പ്, തീപ്പെട്ടി, വ്യവസായങ്ങൾക്ക് ആവശ്യമായ യൂക്കാലി മട്ടി തുടങ്ങിയ വൃക്ഷങ്ങളുടെ തോട്ടവൽക്കര

പട്ടിക—1

## വേഗത്തിൽ വളരുന്ന നാടൻ സസ്യജനുസുകൾ

| പേര് | പൂർണവളർച്ചക്കാവശ്യമായ കാലയളവ് | ശരാശരി വാർഷികവളർച്ചാ വർദ്ധനവ് ഘനമീററർ/ ഹെക്ടർ |
|---|---|---|
| 1. കുമിഴ് (Gnelina arborea) | 3 | 22 |
| 2. ചോലവേങ്ങ (Bisehofia Javanica | 7 | 12 |
| 3. സിസ്സു (Dalbergia Sissoo) | 11 | 34 |
| 4. ചപ്പാശ (Artocarpus Chaplasa) | 10 | 16 |
| 5. പേപ്പർ മൾബറി (Broussonatia Papyrofero) | 10 | 25 |
| 6. ചമ്പകം (Michelia Champaca) | 8 | 18 |
| 7. ചുവന്ന അകിൽ (Toona Ciliater) | 5 | 19 |
| 8 തവള (Trevia nudiflora) | 13 | 13 |
| 9 കാററാടി (Casuarina equcetifoln) | 5 | 15 |
| 10. കനല (Evedia meliafolia) | 11 | 10 |
| 11. വെള്ളചടച്ചി (Kydia Calycina) | 10 | 11 |
| 12. കരിമരുത് (Terminalia Tomentora) | 4 | 10 |
| 13. കടമ്പ് (Antho cephalus Cadamba) | — | — |
| 14. നരിവേങ്ങ (Aerocarpus Fnauini-folium) | — | — |
| 15. മട്ടി (Ailanthus excelsa) | — | — |
| *16. വിദേശമട്ടി (Ailanthus grandis) | 30 | 17.33 |
| *17. യൂക്കാലി (Encalyptus tureticornis | 10 | 20.5 |

* വിദേശജനുസുകൾ

ണവും അക്കേഷ്യയുടെ തോട്ടവൽക്കരണവും മാത്രമായി ചുരുങ്ങി.

സാമൂഹ്യവനവൽക്കരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാലത്ത് കേരളത്തിലെ വനമേഖലയുടെ അവസ്ഥ എന്തായിരുന്നു എന്നുനോക്കാം. വനം വകുപ്പ് 1973 ൽ നടത്തിയ വിഭവ സർവ്വേ കണക്കുപ്രകാരം ഭൂവിസ്തീർണ്ണത്തിൻെറ 24. 2 % വരുന്ന 9400 ചതുരശ്രകി: മീ: വനമാണ് കേരളത്തിൽ ഉള്ളത്. എന്നാൽ ഇത് യഥാർത്ഥ

വനപ്രദേശത്തിൻെറ വിസ്തീർണ്ണമല്ല. ഇതിൽ 1500 ച: കി: മീ പ്രദേശം മനുഷ്യ നിർമ്മിത വനമാണ്. അതായത് തോട്ടങ്ങൾ—തേക്ക്, റബർ, യൂക്കാലി, മട്ടി—എന്നിവയൊക്കെ ഇതിൽ ഉൾപ്പെടും. വനവ്യവസായങ്ങൾ മുഖ്യമായി ആശ്രയിക്കുന്നത് ഈ തോട്ടങ്ങളെയാണ്. ഇതുമൂലം ഈ പ്രദേശത്തുനിന്നു ലഭിക്കേണ്ട സമ്പത്ത് തടിയുടെ തൂക്കത്തിനെ ആശ്രയിച്ചാണ് വിലയിരുത്തുന്നത്. "വനത്തിൻെറ സാമ്പത്തികം" എന്നാൽ വനത്തിൽ നിന്നുള്ള സാമ്പത്തിക വരുമാനം എന്നാണ് ആസൂത്രണ വിദഗ്ദർ ഉൾപ്പെടേയുള്ളവരുടെ ധാരണ. ഈ ധാരണവച്ചുകൊണ്ട് കൂടുതൽ "സമ്പത്തി"നു വേണ്ടി കൂടുതൽ നൈസർഗിക വനങ്ങൾ വെട്ടി വെളുപ്പിച്ച് യൂക്കാലി തുടങ്ങിയ തോട്ടങ്ങൾ നിർമ്മിച്ചു. 1970 ൽ നടത്തിയ വിഭവസർവ്വേക്കുശേഷം ഏററവും ചുരുങ്ങിയത് 500 ച: കി: മീ: നൈസർഗിക വനമെങ്കിലുംകൂടുതലായി നശിപ്പിച്ച് തോട്ടങ്ങളാക്കിയിട്ടുണ്ട്. ഇതിനർഥം മുൻപ് നിലനിന്നിരുന്ന 1500 ച: കി: മീ: യിൽ നിന്ന് ചുരുങ്ങിയത് 500 ച: കി: മീ: സ്ഥലം ഉല്പാദനക്ഷമമല്ലാതെ തരിശായി ഉപേക്ഷിക്കപ്പെട്ടു എന്നാണ്. ജലവൈദ്യുത പദ്ധതികൾ 1970 ന് മുൻപ് ഒട്ടാകെ 1913 ച: കി: മീ: നൈസർഗ്ഗിക വനം ഉപയോഗിച്ചു എന്നാണ് കണക്ക്. 1970 ന് ശേഷം ചുരുങ്ങിയത് 1000 ച: കി: മീ: വനഭൂമി കൂടുതലായി പദ്ധതിപ്രദേശത്ത് നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇടുക്കിതന്നെ ഇതിന് ഏററവും നല്ല ഉദാഹരണമാണ്.

കാട്ടുതീ നമ്മുടെ വനങ്ങളിൽ വേനൽകാലത്ത് നിത്യസംഭവമാണ്. നിത്യഹരിത വനങ്ങളിൽപോലും കാട്ടിൽ തീ കാണുന്നു. കഴിഞ്ഞ 18 വർഷങ്ങൾക്കിടയിൽ കാട്ടുതീ മൂലം 150-200 ച: കി: മീ: കാട് നശിച്ചിട്ടുണ്ടെന്നാണ് ഒട്ടാകെയുള്ള കണക്കുകളിൽ നിന്ന് കാണാൻ കഴിയുന്നത്. ഇതിൽ ഏതാണ്ട് 75-100 ച: കി. മീ: സ്ഥലമെങ്കിലും തരിശായി മാറിയിട്ടുണ്ട്. പ്രത്യേകിച്ചും ചെങ്കുത്തായ ചരിവുകളിലാണ് തീ പ്രത്യക്ഷപ്പെടുന്നത്. തുടർന്നുവരുന്ന മഴയിൽ ശക്തിയായ മണ്ണൊലിപ്പുമൂലം ഇവിടം പാറക്കൂട്ടങ്ങൾ മാത്രമായി അവശേഷിക്കുകയാണ് ചെയ്യുന്നത്. വനനശീകരണത്തിൻെറ പൊതുവേയുള്ള ആഘാതത്തിൻെറ

ഫലമായി ഏററവും ചുരുങ്ങിയത് 200 ച: കി. മീ. നൈസർഗ്ഗിക വനങ്ങളെങ്കിലും മണ്ണൊലിപ്പുമൂലം തരിശായി മാറിയിട്ടുണ്ട്. ഇപ്രകാരം നോക്കുമ്പോൾ ഒട്ടാകെ 1800 ച: കി. മീ. നൈസർഗ്ഗിക വനഭൂമി വനനശീകരണത്തിൻെറ ഫലമായി തരിശായി മാറിയിട്ടുണ്ടാകണം. കൈയേററ ഭൂമിക്ക് 1977 വരെ പട്ടയം നൽകി കഴിഞ്ഞിട്ടുണ്ട് ഇതിൻെറ മൂല്യകണക്ക് ലഭ്യമല്ല. അതിനുശേഷവും കുടിയേററം അഭംഗുരം തുടർന്നുവരുന്നുണ്ട്: വനാതിർത്തികൾ ഇന്നും കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ല. ചുരുങ്ങിയത് 1500 ച: കി: മി: സ്ഥലം കുടിയേററക്കാരുടെ കൈവശത്തിലാകുകയും കാർഷിക പ്രവർത്തനങ്ങൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നോക്കുമ്പോൾ ഒട്ടാകെ 4800 ച: കി; മീ: നൈസർഗ്ഗിക വനങ്ങൾ നശിച്ചുപോയിട്ടുണ്ട് എന്നുവേണം കരുതാൻ. നമുക്ക് ഉണ്ട് എന്നവകാശപ്പെടുന്ന 9400 ച. കി. മീ. വനത്തിൽ യഥാർത്ഥത്തിൽ അവശേഷിക്കുന്നത് ഏതാണ്ട് 4600 ച: കി: മീ ആയിരിക്കും എന്നർഥം. വിസ്തീർണത്തിൻെറ ഉദ്ദേശം 12 % മാണിത്. ഈ വനംതന്നെ വൻതോതിൽ നടക്കുന്ന കള്ളത്തടിവെട്ടിൻെറ ഫലമായി നാശോൻമുഖമായിരിക്കുന്നു. റിമോർട്ട് സെൻസിങിൻെറ സഹായത്താൽ ഈയിടെ NRSA (National Remort Servicing Agency) തയ്യാറാക്കിയ റിപ്പോർട്ടുകളിൽ കേരളത്തിൽ അവശേഷിക്കുന്ന യഥാർത്ഥവനം 13 % ആണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഇന്ത്യൻ ദേശീയ വനനയം [1952] ശുപാർശ ചെയ്തിരിക്കുന്നത് കരപ്രദേശത്തിൻെറ 33 % കാടുവേണമെന്നാണ്. കേരളത്തിൻെറ കിടപ്പ് 1500-2000 മീററർ ഉയരത്തിൽനിന്ന് 70 കി:മീ നുള്ളിൽ സമുദ്രനിരപ്പിലേക്ക് എത്തിയിട്ടാണ്. ഭൂതലപ്രകൃതി വച്ചുനോക്കുമ്പോൾ 43 % മലനാടാണ്. ഭൂപ്രകൃതിയുടെ ഈ സവിശേഷതകൊണ്ട് മഴവെള്ളത്തെ മണ്ണിൽ തടഞ്ഞുനിർത്തി സാവധാനത്തിൽ നിയന്ത്രിതമായി ഒഴുക്കിക്കൊടുക്കാൻ കാടുവേണം. ഭൂഗർഭജലം സമ്പുഷ്ടമായാൽ മാത്രമാണ് അരുവികളിലും നദികളിലും വെള്ളം ഉണ്ടാവുകയുള്ളു. അതു കുറയുന്നതിൻെറ ഫലം നമ്മുടെ വീട്ടുവളപ്പിലെ കിണററിലും കുളത്തിലും വരെ നേരിട്ട്

അനുഭവപ്പെടുന്നുണ്ടല്ലോ? ഇക്കാരണങ്ങളാൽ കേരളത്തിന് മററുപല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് കൂടുതൽ കാട് ഉണ്ടായിരിക്കേണ്ടതുണ്ട്.

സംസ്ഥാനത്തിന് അവശേഷിച്ചിട്ടുള്ള തുച്ഛമായ വനഭൂമിക്ക് ഈ വമ്പിച്ച പാരിസ്ഥിതിക ആഘാതത്തെ ചെറുത്തുനിൽക്കാനാവുന്നില്ല. മരങ്ങൾ നീങ്ങിയതോടെ മണ്ണിൻെറ ഫലപുഷ്ടി പെട്ടെന്ന് കുറഞ്ഞു. ചരിഞ്ഞ ഭൂപ്രകൃതിയിൽ കനത്ത മഴയിൽ കുത്തിയൊലിച്ചു വരുന്ന മണ്ണിനെ തടഞ്ഞുനിർത്താൻ മനുഷ്യനിർമ്മിത തോട്ടങ്ങൾക്ക് ആവില്ല. മാത്രമല്ല നൈസർഗ്ഗിക വനം വെട്ടിവെളുപ്പിച്ച് തോട്ടങ്ങളാക്കുന്നതുകൊണ്ട് വൃക്ഷങ്ങൾ വളർന്ന് വലുതാകുന്നതിന് മുമ്പുതന്നെ ഫലപുഷ്ടിയുള്ള മണ്ണ് നഷ്ടപ്പെട്ടിരിക്കും. തോട്ടങ്ങളുടെ ഉൽപാദനശേഷിയെയും ഇതു ബാധിക്കുന്നു. ഈ പ്രതിസന്ധിക്ക് ശാസ്ത്രീയ പരിഹാരം തേടുന്നതിനുപകരം ഫലപുഷ്ടിയുള്ള വനപ്രദേശങ്ങൾ വീണ്ടും വെട്ടി വെളുപ്പിച്ച് പുതിയ തോട്ടങ്ങൾ ഉണ്ടാക്കുന്ന സാമ്പത്തിക ആസൂത്രണമാണ് സ്വീകരിച്ചു കാണുന്നത്.

കാടിൻെറ പരോക്ഷസാമ്പത്തികം അതിൻെറ പ്രത്യക്ഷ സാമ്പത്തികത്തിൻെറ എത്രയോ മടങ്ങ് അധികമാണ്. ഒരു ഹെക്ടർ വനഭൂമി സൂക്ഷിക്കുന്ന ജലം 3 ഹെക്ടർ കൃഷി സ്ഥലത്തിന് ഉപയുക്തമാകും. ഇതുവഴി ഏതാണ്ട് 15,000 രൂപയുടെ ഉൽപാദന വരുമാനമാണ് ഉണ്ടാകുന്നത്. കേരളത്തിൽ വനനശീകരണം വഴി പ്രതിവർഷം ഉണ്ടാകുന്ന കാർഷികനഷ്ടം ഉദ്ദേശം 1350 കോടി രൂപയോളം വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. [കേരളത്തിൻെറ 8-ാം പദ്ധതി ചർച്ചകൾക്കൊരാമുഖം പേജ് 110] കേരളത്തിലെ കൃഷിഭൂമി 22,000 ച: കി: മീ ഉം യഥാർത്ഥ വനഭൂമി ഏകദേശം 4600 ച: കി. മീ യുമാണെന്ന് ഓർക്കുക.

ജലസംഭരണ ശേഷി നഷ്ടപ്പെടുന്നതുമൂലം മണ്ണും ചേറും കുത്തിയൊലിച്ച് കനത്തമഴയിൽ നദികളിലും ജലസംഭരണികളിലും എത്തുന്നു. ജലസംഭരണികളുടെ വൃഷ്ടി പ്രദേശങ്ങൾ വികസന പ്രവർത്തനങ്ങളുടെ മറവിൽ രൂക്ഷമായ വനനശീകരണത്തിന് വിധേയമായവയാണ്. അണ

ക്കെട്ടുകളുടെ കാച്ച്മെൻറ് ഏരിയയിൽ ഉണ്ടാകുന്ന മണ്ണൊലിപ്പുമൂലം ഡാമുകൾ എക്കലടിഞ്ഞ് അതിവേഗം തൂർന്നുപോകാൻ ഇടയാകും. ഇടുക്കി ഒഴികെയുള്ള ജലസംഭരണികൾ മഴക്കാലത്ത് കവിഞ്ഞൊഴുകി അത് വെള്ളപ്പൊക്കത്തിന് ഇടയാക്കും. മാത്രമല്ല ഇപ്രകാരം ജലം നഷ്ടപ്പെടുന്നതുമൂലം തുടർന്നുവരുന്ന വേനൽകാലത്ത് വരൾച്ച അനിവാര്യമാകുന്നു.

മണ്ണൊലിപ്പിനു വിധേയമാകുന്ന പ്രദേശങ്ങളുടെ പുനഃരുദ്ധാരണം വളരെ ദുഷ്കരമാണ്. വനമേഖലയിലെ വൃക്ഷവൽക്കരണ മുറകൾ (Silvicultural techinques) ശ്രദ്ധാപൂർവ്വം പ്രയോഗിച്ചു മാത്രമാണ് ഇത് സാദ്ധ്യമാകുന്നത്. തരിശു സ്ഥലങ്ങളിൽ ഏതെങ്കിലും കുറെ ചെടികൾ വച്ചുണ്ടാക്കുക എന്നതല്ല ഇതിൻെറ അടിസ്ഥാനം. മണ്ണിൻെറ ഫലപുഷ്ടി, ഈർപ്പത്തിൻെറ അവസ്ഥ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ കണക്കിലെടുത്ത് ഘട്ടംഘട്ടമായി വിവിധ തരത്തിലുള്ള വന സസ്യ ജനുസ്സുകൾ നട്ടുപിടിപ്പിച്ചാൽ മാത്രമേ യഥാർത്ഥ വന പുനഃരുദ്ധാരണം സാദ്ധ്യമാകൂ. ഒററ ജനുസ്സു വൃക്ഷങ്ങളുടെ തോട്ടങ്ങൾ നിർമ്മിക്കുന്നത് വന ധർമ്മങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരിക്കലും പരിഹാരമാകില്ല.

വനമേഖലയെ പുനഃരുദ്ധരിക്കുവാൻ അവിടെയുള്ള തരിശുകളിൽ അക്കേഷ്യയും യൂക്കാലിയും വച്ചുപിടിപ്പിക്കുന്നത് ഗുണത്തേക്കാളേറെ ദേഷം ചെയ്യും. ഒരേതരത്തിലുള്ള മരങ്ങളായതുകൊണ്ട് അവ ഒരു പ്രത്യേകതരത്തിലുള്ള പോഷക മൂലകങ്ങളെയാകും മണ്ണിൽനിന്ന് ശേഖരിക്കുന്നത്. ഇതു മൂലം മററു മൂലകങ്ങൾ മണ്ണൊലിപ്പു മൂലവും മററും ഒലിച്ചുപോകാൻ ഇടയുണ്ട്. കരിയിലകൾവഴി ആ പ്രദേശത്ത് തിരിച്ചെത്തുന്ന മൂലകങ്ങളാകട്ടെ നേരത്തേ ശേഖരിച്ചുവച്ചിരിക്കുന്നവ മാത്രമായിരിക്കും. ഒന്നിലേറെ സസ്യജനുസ്സുകൾ ഉണ്ടെങ്കിൽ ഈ പോഷകശോഷണത്തിനും അവയുടെ തിരിച്ചുവരവിനും ഉള്ള സാദ്ധ്യത വർദ്ധിക്കുകയും തദനുസരണമായി സസ്യവൈവിധ്യം വർദ്ധിക്കുകയും മണ്ണിന് വളക്കൂറ് നിലനിർത്താൻ കഴിയുകയും ചെയ്യും. മാത്രമല്ല മണ്ണൊലിപ്പിൻെറ കാഠിന്യവും കുറഞ്ഞിരിക്കും. യൂക്കാലി, അക്കേഷ്യ തുടങ്ങിയ സസ്യങ്ങളും സവിശേഷമായ ബാഷ്പീകരണ സ്വേദന പ്രവർത്തനം

മണ്ണിലെ ഈർപ്പത്തിന്റെ തോതിനെ ബാധിക്കാനും ഇടയുണ്ട്. മിശ്രവിളകളാകുമ്പോൾ ഈ സാദ്ധ്യതയിലും വ്യത്യാസം വരുന്നു. സൂര്യപ്രകാശം നേരിട്ട് മണ്ണിൽപതിക്കുന്നതിനുള്ള സാദ്ധ്യത കുറച്ചുകൊണ്ടും ഒരേതരത്തിലുള്ള സസ്യജനുസ്സുകളുടെ സാന്ദ്രത ഒരു പ്രത്യേക സ്ഥലത്ത് നിയന്ത്രിച്ചുകൊണ്ടുമൊക്കെ പ്രകൃതി സന്തുലനം വേണ്ടരീതിയിൽ കാത്തുരക്ഷിക്കും. തേക്കിൻ തോട്ടത്തിലെ ഇലകളെ മുഴുവനും തിന്നുതീർക്കുന്ന ഹിബ്ളിയ എന്ന പാററയുടെ ഉപദ്രവം നൈസർഗ്ഗിക വനത്തിൽ വളരെ കുറവാണ്. ഇപ്രകാരം വനമേഖലയിലെ വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾ അതീവ ശ്രദ്ധയോടെ ആസൂത്രണം ചെയ്യേണ്ട ഒരു വികസന പ്രവർത്തനമാണെന്ന് മനസ്സിലാക്കാൻ കഴിയും. സാമൂഹ്യവനവൽകരണത്തിന്റെ ഭാഗമായി കേരളത്തിൽ ഏററവും ഊന്നൽകൊടുക്കേണ്ടതും ഇക്കാര്യത്തിനു തന്നെയാണ്.

ചുരുക്കത്തിൽ കേരളത്തിൽ നടപ്പാക്കേണ്ട സാമൂഹ്യവനവൽക്കരണ പദ്ധതിയിൽ മുഖ്യമായി 4 കാര്യങ്ങൾക്കാണ് പ്രാമുഖ്യം കൊടുക്കേണ്ടത്.

1. തെങ്ങിനും മററു ഫലവൃക്ഷതൈകൾക്കും പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ഫാം ഫോറസ്ട്രി.
2. ഇതേ സസ്യജനുസ്സുകൾക്ക് മുൻഗണന കൊടുത്തു അവന്യു ഫോറസ്ട്രി.
3. ഫലപുഷ്ടി ക്രമാധീതമായി ശോഷിച്ച മണ്ണിൽ എളുപ്പം വളരുന്ന സസ്യജനുസ്സുകളും, അല്ലാത്തിടങ്ങളിൽ അനുയോജ്യമായ നാടൻ ജനുസ്സുകളും തിരഞ്ഞെടുത്തു കൊണ്ടുള്ള കമ്മ്യൂണിററി ഫോറസ്ട്രി.
4. വനവൽക്കരണത്തിന്റെ ശാസ്ത്രീയ മുറകളെ (Silvi cultural techinques) അടിസ്ഥാനമാക്കിക്കൊണ്ടുള്ള വനമേഖലയിലെ തരിശു ഭൂമി വനവൽക്കരണം.

ഒടുവിൽപ്പറഞ്ഞ പദ്ധതിക്കാണ് ഏററവുമധികം പ്രാധാന്യം. അവശേഷിക്കുന്ന 9400 ച: കി. മീ. വനഭൂമിയെ ഒട്ടാകെ കണ്ടുകൊണ്ടുള്ള ഒരു സമ്പൂർണ്ണ പദ്ധതി ആയിരിക്കണം ഇത്. വനത്തെ ഒരു സമ്പൂർണ്ണ ഇക്കോ വ്യൂഹമായി പരിഗണിക്കണം. അതിന്റെ പരോക്ഷ സാമ്പത്തിക പ്രാധാന്യം വിലയിരുത്തണം. വനവൽക്കരണത്തിന് മുൻഗണന കൊടുക്കണം. ഒററ ജനുസ്സു മരങ്ങളുടെ തോട്ടവൽക്കരണ സമ്പ്രദായം പാടെ ഉപേക്ഷിക്കണം.

# ലോകബാങ്ക് പദ്ധതി–
# ഒരു തികഞ്ഞപരാജയം

കേരളത്തിൻെറ സവിശേഷമായ സാഹചര്യങ്ങളിൽ ഏതുതരത്തിലുള്ള സാമൂഹ്യവനവൽക്കരണ പദ്ധതിയാണ് പ്രസക്തമായിട്ടുള്ളത് എന്ന് വ്യക്തമാക്കാനാണ് മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ വിശദമായി ചർച്ചചെയ്തത്. ഈ ഘടകങ്ങളൊന്നും തന്നെ സമഗ്രമായി പഠിക്കാൻ മുതിരാതെയാണ് ലോകബാങ്ക് സഹായത്തോടെയുള്ള സാമൂഹ്യവനവൽക്കരണം ഇവിടെ നടപ്പാക്കപ്പെട്ടത്. അതുകൊണ്ടുതന്നെ, കഴിഞ്ഞ ഏഴുവർഷമായി നടന്നുവരുന്ന ഈ പദ്ധതികൊണ്ട്, സംസ്ഥാനത്തിന് കാര്യമായ ഒരു നേട്ടവും ഉണ്ടായിട്ടില്ല. എന്നുമാത്രമല്ല, കേരളീയ ജനതയ്ക്ക് വലിയൊരു കടബാധ്യത ഈ പദ്ധതി സമ്മാനിച്ചിട്ടുമുണ്ട്. സംസ്ഥാനത്തെ നൈസർഗിക വനങ്ങൾ സംരക്ഷിക്കുക എന്ന അതിപ്രധാനമായ കടമ നിറവേററുന്നതിന്, ഈ പദ്ധതി യാതൊരു വിധത്തിലും സഹായിച്ചിട്ടില്ല. അവന്യൂ ഫോറസ്ട്രി എന്ന പേരിൽ വഴിയോരങ്ങളിൽ കുറേയേറെ അക്കേഷ്യാ മരങ്ങൾ വച്ചുപിടിപ്പിക്കാൻ കഴിഞ്ഞതും വ്യാവസായികാവശ്യങ്ങൾക്കായി വനഭൂമിയിൽ യൂക്കാലി തോട്ടങ്ങൾ വളർത്താനായതുമാണ്, സാമൂഹ്യവനവൽക്കരണത്തിൻെറ മുഖ്യനേട്ടങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. പക്ഷേ, ഈ നേട്ടങ്ങളുടെ മറുവശം സൂക്ഷ്മപരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.

പുറമ്പോക്കിലും റോഡരുകിലും കടലോരങ്ങളിലും മററും വൻതോതിൽ അക്കേഷ്യ വച്ചുപിടിപ്പിച്ചതുമൂലം മണ്ണിൻെറ ഫലപുഷ്ടി കുറയാൻ ഇടവന്നിട്ടുണ്ട്. മററു ഉപയോഗങ്ങളൊന്നും ഇല്ലാതെ കിടന്നിരുന്ന കുറേയേറെ സ്ഥ

ലത്തുനിന്ന് വിറകുത്പ്പാദിപ്പിക്കാൻ കഴിഞ്ഞു എന്നത് ശരിയാണെങ്കിലും, അതിനുവേണ്ടി ചെലവാക്കേണ്ടിവന്നിട്ടുള്ള ഭീമമായ തുക കണക്കിലെടുക്കുമ്പോൾ ഇതൊരു 'നേട്ട'മായി അംഗീകരിക്കാൻ പ്രയാസമുണ്ട്.

അവിശ്വസനീയമായ കുറേ കണക്കുകൾ പ്രചരിപ്പിച്ചുകൊണ്ട്, അതിൻെറ മറവിൽ ഒട്ടേറെ പണം ദുർവ്യയം ചെയ്യപ്പെട്ടിട്ടുണ്ട്. 1983 ലാണ് ലോകബാങ്കിൻെറ പരിഗണനയ്ക്കായി, സംസ്ഥാന വനംവകുപ്പ് ഒരു സാമൂഹ്യവനവൽക്കരണ പദ്ധതി സമർപ്പിച്ചത്. പദ്ധതി നടപ്പിലായതിനുശേഷം, 1982-84 കാലയളവിൽ പത്തുകോടി തൈകൾ വിതരണം ചെയ്തു എന്നാണ് വനംവകുപ്പിൻെറ തന്നെ കണക്കുകൾ. ഇവയിൽ ഭൂരിഭാഗവും പൂമരത്തൈകൾ ആയിരുന്നു. ഇതിൽ 4.5 കോടി തൈകൾ അതിജീവിച്ചു എന്നും വനംവകുപ്പ് അവകാശപ്പെടുന്നുണ്ട്. പുരയിടങ്ങളുടെ ശരാശരി വിസ്തീർണം വച്ച് കണക്കാക്കുമ്പോൾ, കേരളത്തിലെ പുരയിടങ്ങളിൽ 3-4 കോടിയിലധികം തൈകൾ വയ്ക്കാൻ സ്ഥലമില്ല എന്നിരിക്കെ, വനംവകുപ്പ് പറയുന്ന 4.5 കോടി തൈകൾ എവിടെയാണ് വളരുന്നതെന്ന് പരിശോധിക്കുകതന്നെ വേണം.

1984-90 കാലയളവിലേക്കാണ് ലോകബാങ്കിൻെറ സഹായത്തോടുകൂടിയുള്ള വനവൽക്കരണം ആസൂത്രണം ചെയ്യപ്പെട്ടത്. 85000 ഹെക്ടർ പ്രദേശം വൃക്ഷവൽക്കരിക്കുവാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 69000 ഹെക്ടർ ഭൂമിയും ഒരേക്കറിൽ താഴെ മാത്രം വിസ്തീർണമുള്ള പുരയിടങ്ങളാണ്. മൊത്തം 34 കോടി വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനാണ് പദ്ധതിത്തുകയുടെ സിംഹഭാഗവും നീക്കിവച്ചിരുന്നത്. ഒരു ഹെക്ടർ സ്ഥലത്ത് 3500 കാററാടി മരങ്ങളും 500 മററിനം മരങ്ങളും നട്ടുവളർത്താം എന്നതായിരുന്നു വനംവകുപ്പിൻെറ കണക്ക്. ഇത് തികച്ചും അതിശയോക്തിപരമായ കണക്കായിരുന്നു. അതുകൊണ്ടുതന്നെ, ഇത്രയും തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നഴ്സറികൾ സജ്ജമാക്കി എങ്കിലും അവ വിതരണം ചെയ്യാൻ കഴിയാതെ വന്നു! 1982-84 കാലയളവിൽത്തന്നെ 4.5 കോടി തൈകൾ വച്ചുപിടിപ്പിച്ചു

എന്ന അവകാശവാദമുയർത്തുന്നവർ തുടർന്നുള്ള വർഷങ്ങ ളിൽഉല്പാദിപ്പിച്ച തൈകൾ എങ്ങിനെ, എവിടെ വിതരണം ചെയ്തു എന്നത് ജനങ്ങളോട് വിശദീകരിച്ചേ മതിയാവൂ. തൈകളുടെ ഉല്പാദനം, വിതരണം, അതിജീവനം എന്നിവ യെ സംബന്ധിച്ചെല്ലാം അത്യന്തം അതിശയോക്തിപരമായ കണക്കുകളാണ് പ്രചരിപ്പിച്ചുവരുന്നത് എന്നത് നിസ് തർക്കമാണ്.

പദ്ധതി അടങ്കലിന്റെ വിശദാംശങ്ങൾ താഴെ പറയും വിധമാണ്.

| | ഇനം | രൂപ (കോടി) |
|---|---|---|
| 1. | ആസൂത്രണം, സംഘാടനം | 16.69 |
| 2. | വൃക്ഷത്തൈ ഉൽപ്പാദനം | 15.74 |
| 3. | വൻതോട്ടങ്ങൾ-തരിശുഭൂമിയിൽ | 7.05 |
| 4 | ചെറിയ തോട്ടങ്ങൾ | 2.73 |
| 5. | പരിശീലനം, ബോധവൽക്കരണം | 3.30 |
| 6. | മററിനങ്ങൾ | 14.40 |
| | ആകെ | 59.91 |

പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കാതിരുന്നതു മൂലം ഓരോ ഇനങ്ങളിലും നീക്കിവച്ച പണം (ദുർ) വിനി യോഗം ചെയ്യാൻ വനംവകുപ്പിന് വളരെയേറെ ബുദ്ധിമു ട്ടേണ്ടിവന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒട്ടേറെ പുതിയ തസ്തികകൾ സൃഷ്ടിക്കാനും, വാഹനങ്ങൾ, ഫർണീച്ചർ, കെട്ടിടങ്ങൾ എന്നിവ നിർമിക്കാനും ഒക്കെ കഴിഞ്ഞു എന്നത് ശരിതന്നെ. എന്നാൽ സാമൂഹ്യവനവൽക്കരണ പദ്ധതിയു ടെ വിജയത്തിന് അനിവാര്യമായി വേണ്ട ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന കാര്യത്തിലും അതുപോലെതന്നെ പുതി യ സസ്യജനുസ്സുകൾ വ്യാപിപ്പിക്കുന്നതു മൂലമുണ്ടാ കുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് പഠി ക്കുന്നതിലുമെല്ലാം തികഞ്ഞ അലംഭാവമാണ് ഡിപ്പാർട്ടു മെൻറിന്റെ ഭാഗത്തുനിന്നുണ്ടായത്.

സാമൂഹ്യവനവൽക്കരണ പദ്ധതി ജനങ്ങളുടെ ഒരു പരിപാടിയാക്കി മാററാൻ കഴിഞ്ഞില്ല എന്നതുതന്നെയാണ് ഏററവും വലിയ വീഴ്ച. വനം വകുപ്പ് സംഘടിപ്പിക്കുന്ന

ഒരു ഔദ്യോഗിക പരിപാടിയായി അത് അധഃപ്പതിച്ചു. എല്ലാത്തരം വിശദാംശങ്ങളും അതീവ രഹസ്യമായി സൂക്ഷിക്കുന്നതിൽ വനംവകുപ്പ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടായിരുന്നു!

പദ്ധതി വിഭാവനം ചെയ്ത രീതിയിൽ 12000 ഹെക്ടർ വനഭൂമിയിലോ ഒരുപക്ഷേ അതിലധികം സ്ഥലത്തോ ഈ പരിപാടി നടപ്പിലായിക്കാണാൻ ഇടയുണ്ട്. കൃത്യമായ കണക്കുകളൊന്നും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ, എന്തായിരുന്നു നടന്ന പ്രവർത്തനത്തിന്റെ സ്വഭാവം? തരിശുഭൂമിയിൽ അക്കേഷ്യ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക എന്ന പരിപാടി നടപ്പാക്കിയതിന്റെ ഫലമായി ഒട്ടേറെ നൈസർഗിക പുൽമേടുകൾ നശിപ്പിച്ചിട്ടുള്ളതിന് തെളിവുകൾ ലഭ്യമാണ്. വയനാട്ടിൽ കാണുന്ന ചോലവനങ്ങളിലെ ഉറച്ച പുൽമേടുകൾ കൊത്തിയിളക്കി അക്കേഷ്യാ നഴ്സറികളും അക്കേഷ്യാ തോട്ടങ്ങളും സൃഷ്ടിക്കുന്നതിനുള്ള ശ്രമം ഇതിനുദാഹരണമാണ്, പെരിന്തൽമണ്ണയ്ക്കടുത്ത് മണ്ണാർമലയിലും ഇരവികുളം നാഷണൽ പാർക്കിന്റെ ഭാഗമായ പുൽമേടുകളിലും ഇതേതരം പ്രവർത്തനങ്ങൾ ആവർത്തിക്കുന്നുണ്ട്. നിലമ്പൂർ, അട്ടപ്പാടി, മുച്ചിക്കുണ്ട് പ്രദേശങ്ങളിലും അക്കേഷ്യത്തോട്ടങ്ങൾ ഉള്ളതായി അറിയുന്നു.

കേരളത്തിലെ മിക്ക നൈസർഗിക വനങ്ങളിലും മരം വെട്ടിനീക്കിയ പ്രദേശങ്ങളിൽ അക്കേഷ്യയോ യൂക്കാലിയോ കൃഷിചെയ്തിരിക്കുന്നതു കാണാം. ഈ തോട്ടവൽക്കരണ പ്രവർത്തനത്തിനായി, ലോകബാങ്ക് പരിപാടിയനുസരിച്ച് 7.01 കോടി രൂപ നീക്കിവച്ചിരിക്കുന്നത് ശ്രദ്ധിച്ചു കാണുമല്ലോ.

നൈസർഗിക വനങ്ങളുടെ സംരക്ഷണത്തിനു വന പുനരുദ്ധാരണത്തിനും വേണ്ടി ഉപയോഗിക്കേണ്ടിയിരുന്ന തുക, ഇപ്രകാരം തോട്ടവൽക്കരണത്തിനായി വിനിയോഗിച്ചതിന്റെ ഔചിത്യം വിശദമായി ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. വ്യാവസായികാവശ്യങ്ങൾക്കുള്ള തടിയുൽപ്പാദനത്തിന്റെ പ്രാധാന്യം ഒട്ടും കുറച്ചു കാണാതെ തന്നെയാണ്

ഈ വിമർശനം ഉന്നയിക്കുന്നത്. വ്യാവസായികാവശ്യങ്ങൾക്കുള്ള തടിയുൽപ്പാദനം, നമ്മുടെ അവശേഷിക്കുന്ന നൈസർഗിക വനപ്രദേശത്താണോ നടത്തേണ്ടത് എന്ന് ചിന്തിച്ചേതീരൂ.

ലോകബാങ്ക് വായ്പയായി നൽകിയ തുകയും അതിൻെറ അശാസ്ത്രീയമായ ഉപയോഗവും ചേർന്ന് വനം വകുപ്പിൻെറ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധി ചെറുതല്ല. ലോകബാങ്ക് പദ്ധതിയനുസരിച്ച് വിദേശകടവായ്പക്ക് തത്തുല്യമായ തുക മാച്ചിങ്ങ് ഗ്രാൻറായി വനംവകുപ്പിൽ നിന്നു വിനിയോഗിക്കേണ്ടതുണ്ട്. തൻമൂലം വനംവകുപ്പിൻെറ പ്രവർത്തനം ഏതാണ്ട് പൂർണമായും സാമൂഹ്യവനവൽക്കരണത്തിൽ മാത്രമായി ഒതുങ്ങിനിൽക്കുന്ന സ്ഥിതി സംജാതമായിരിക്കുന്നു.

ഒരുവശത്ത് സാമൂഹ്യവനവൽക്കരണത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള പണം ഫലപ്രദമായി വിനിയോഗിക്കാൻ വഴികാണാതെ ബുദ്ധിമുട്ടുന്ന വനംവകുപ്പ്, നമ്മുടെ നൈസർഗിക വനമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പലവിധത്തിലുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രാഥമികപ്രവർത്തനങ്ങൾ നടത്തുന്നതിനു പോലും പണമില്ലാത്ത ദുരവസ്ഥയിലാണ്.

കാട്ടുതീമൂലം രൂക്ഷമായ വനനാശമുണ്ടായ വർഷമാണിത്. കാട്ടുതീ പ്രതിരോധ നടപടികൾക്കാവശ്യമുള്ള തുക വനംവകുപ്പിന് ലഭിക്കാതിരുന്നതാണത്രെ ഇതിന് മുഖ്യകാരണം. ഉദ്ദേശം 47ലക്ഷം രൂപയാണ്, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി, 1988–89 കാലത്ത് വിനിയോഗിക്കേണ്ടിയിരുന്നത്. പക്ഷേ വാർഷിക അടങ്കലിൽ 16.5 ലക്ഷം രൂപയാണ് നീക്കി വച്ചിരുന്നത്. ഈ തുക പോലും ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞില്ല എന്നാണ് പറയപ്പെടുന്നത്.

ഏഴാം പദ്ധതിക്കാലത്ത് വനമേഖലക്ക് ആകെ വകയിരുത്തിയിരുന്നത് 70 കോടിരൂപയായിരുന്നു. ഇതിൽ വനസംരക്ഷണത്തിന് 2.85 കോടിരൂപയും വനവൽക്കരണത്തിന് 60 ലക്ഷം രൂപയും മാത്രം നീക്കിവച്ചപ്പോൾ സാമൂഹ്യ

വനവൽക്കരണത്തിന് 51 കോടിരൂപയാണ് വകകൊള്ളിച്ചത്. ഇതിനു പുറമെ എൻ. ആർ. ഇ. പി. സ്കീമിൽ 5 കോടിരൂപയും സാമൂഹ്യ വനവൽക്കരണത്തിന് നീക്കിവച്ചിരുന്നു.

**സസ്യജനുസ്സുകളുടെ തെരഞ്ഞെടുപ്പിലും അശാസ്ത്രീയത**

ഔദ്യോഗികതലത്തിൽ രൂപീകരിച്ച, സാങ്കേതിക വിദഗ്ധരടങ്ങുന്ന ഒരു സമിതിയാണ് സാമൂഹ്യ വനവൽക്കരണത്തിന്, പ്രത്യേകിച്ച് ഫാം ഫോറസ്ട്രിക്ക്, അനുയോജ്യമായ സസ്യജനുസുകൾ തെരഞ്ഞെടുത്തതും കൃഷിരീതി നിർദേശിച്ചതും. തെരഞ്ഞെടുത്ത തൈകളുടെ പട്ടികയിൽ മട്ടി, പ്ലാവ്, മാവ്, നെല്ലി, പുളി മുതലായ ഫലവൃക്ഷങ്ങളും തേക്ക്, ഈട്ടി, കരിമരുത്, വേങ്ങ, ആഞ്ഞിലി തുടങ്ങിയ പൂമരങ്ങളും ഉൾപ്പെടുന്നു. കൂടാതെ കാററാടി, അക്കേഷ്യ, സുബാബുൾ, പീലിവാക, സിൽവർ ഓക്ക്, യുക്കാലിപ്ററസ്, മഹാഗണി എന്നീ വിദേശ ജനുസുകളും ഇതിൽ പെടുന്നു. ആകെ വിതരണത്തിൻെറ 32.4 % മട്ടിയായിരിക്കണമെന്നാണ് നിശ്ചയിച്ചിരുന്നത്. 8.2% അക്കേഷ്യയും 1.6 % യൂക്കാലിയും. 1985 ൽ മൊത്തം വിതരണം ചെയ്തത് 9.98 കോടി തൈകളാണത്രെ.

ഇക്കൂട്ടത്തിൽ അതിജീവനക്ഷമതയുടെ കാര്യത്തിൽ ഏററവും മുന്നിൽ നിൽക്കുന്നത് അക്കേഷ്യയാണ്. ഏതാണ്ട് 90 ശതമാനത്തിനുമേൽ ആണ് ഇതിൻെറ അതിജീവനക്ഷമത. കാലികളിൽ നിന്നുള്ള ഉപദ്രവം ഇല്ലാതിരിക്കുന്നത് ഇതിനൊരു കാരണമാണ്. എന്നാൽ, വളരെ ഫലപുഷ്ടി കുറഞ്ഞ മണ്ണിലും വളരാനുള്ള സ്വതസിദ്ധമായ കഴിവുള്ള 'കള'യാണ് ഈ സസ്യം എന്നതാണ് പ്രധാന കാരണം. ഈ 'കള' സ്വഭാവം ഒട്ടേറെ പാരിസ്ഥിതിക പ്രതിസന്ധികൾക്ക് ഇടവരുത്തും എന്ന കാര്യം വിസ്മരിച്ചുകൂടാ.

അക്കേഷ്യ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന "അക്കേഷ്യാ ഒറിക്കുലോ ഫോർമിസ്" വളരെ ശ്രദ്ധാപൂർവം, മുൻകൂട്ടി നടത്തുന്ന പഠനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം ചെയ്യേണ്ടിയിരുന്ന ഒരു സസ്യമാണ്. കാർ

ഷിക മേഖലയിലായാലും വനപ്രദേശത്തായാലും, നമ്മുടെ നാട്ടിൽ വ്യാപകമായി പ്രചരിപ്പിക്കാവുന്ന ഒരു സസ്യമല്ല ഇത്. സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ അക്കേഷ്യ ക്ക് പ്രാമാണിക സ്ഥാനം ലഭിച്ചതിനുള്ള കാരണം വ്യക്തമാണ്. പ്രത്യേക പരിചരണങ്ങളൊന്നും കൂടാതെ തന്നെ അത് വളരും എന്നതാണ് മുഖ്യകാരണം. പുൽമേടുകളിൽ അക്കേഷ്യ എളുപ്പത്തിൽ വളർത്തിയെടുക്കാം എന്നതാണ് മറെറാരു കാരണം. മററു മരത്തൈകൾ പുൽമേട്ടിൽ വളരുകയില്ല. പുൽമേട് അവയുടെ വിത്ത്മുളയ്ക്കാൻ അനുവദിക്കില്ല. പക്ഷേ, അക്കേഷ്യയെയും യൂക്കാലിപ്ററസിനെയും തോൽപ്പിക്കാനുള്ള അറിവ് പുൽമേടിന് ഇനിയും ലഭിക്കാനിരിക്കുന്നതേയുള്ളു.

അക്കേഷ്യ പ്രചരിപ്പിക്കുവാൻ ശുപാർശ ചെയ്തതിന്റെ പശ്ചാത്തലം 1981 ൽ പ്രസിദ്ധീകൃതമായ വിറകുവിളകൾ (Firewood Crops) എന്ന റിപ്പോർട്ടിൽ ലഭ്യമാണ്. റിപ്പോർട്ടിന്റെ ആമുഖത്തിൽത്തന്നെ കൊടുത്തിരിക്കുന്ന താക്കീത് താഴെ കൊടുക്കുന്നു.

If misunderstood, this book is potentially dangerous. Because of the severeity of the firewood crisis, the panel has selected trees and shrubs that are aggressive and quick growing. These seem appropriate for cultivation in areas of extreme fuel shortage, particularly when climatic and soil conditions are harsh. But in more equitable environments where no fuel shortage exists, such potentially invasive plants should be introduced only with great care. The threat of their weediness is too great. In any trees of firewood plantations, local species should always be given first priority (Firewood Crops, 1981).

പാപ്പാന്യൂഗിനിയിലെ സാവന്നകളിലും ടോറസ് സ്ട്രേററ് ദ്വീപുകളിലും ആസ്ട്രേലിയയുടെ വടക്കൻ ഭാഗങ്ങളിലുമാണ് അക്കേഷ്യ സ്വാഭാവികമായി വളർന്നിരുന്നത്. എത്ര മോശമായ മണ്ണിലും വളർത്താം എന്ന കാരണം കൊണ്ടാണ് ഇത് ഇന്തൊനേഷ്യാ, മലയേഷ്യ ഇന്ത്യാ, ടാൻസാനിയ, എന്നിവിടങ്ങളിലേക്ക് ഇറക്കുമതി ചെയ്തത്.

അക്കേഷ്യ ക്ഷാരവീര്യമുള്ള (PH 9–9.5) മണ്ണിലും അമ്ല വീര്യം (PH 3) ഉള്ള മണ്ണിലും വളരും. കടലാസുമില്ലുകളിലെ മാലിന്യങ്ങൾ കെട്ടിനിറുത്തുന്ന ലാഗൂണുകളിൽ ഇവ വളർത്താറുണ്ട്. മററു ചെടികൾ വളരാത്ത കഠിന സാഹചര്യങ്ങളിൽ ഇവ വളർത്താം. അന്തരീക്ഷ നൈട്രജനെ ആഗിരണം ചെയ്ത് മൂലാർബുദങ്ങളിൽ ശേഖരിക്കാനുള്ള കഴിവ് ഇതിനില്ല. ഇതിൻെറ "ഇല" ചീയാൻ ഏറെനാൾ പിടിക്കും. നമ്മുടെ നാട്ടിൽ, വൈജാത്യമുള്ള നാടൻ ജനുസ്സുകൾ ധാരാളമായി വളരാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ, യാതൊരു നിയന്ത്രണവുമില്ലാതെ ഈ വിദേശിയെ കടത്തിവിടുന്നത് അപകടകരമാണ്.

ചുരുക്കത്തിൽ, സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യവനവൽക്കരണ പദ്ധതി, ഈ രൂപത്തിൽ തുടരുന്നത്, നമുക്ക് ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുക. ഇക്കാര്യം നേരത്തേതന്നെ കേരളശാസ്ത്ര സാഹിത്യപരിഷത്ത് ചൂണ്ടിക്കാണിച്ചിരുന്നു. കേരള നിയമസഭയുടെ എസ്ററിമേററ്സ് കമ്മററി, അടുത്തകാലത്ത്, അതിൻെറ റിപ്പോർട്ടിൽ ഇതു സംബന്ധിച്ച് ശക്തമായ വിമർശനം ഉന്നയിച്ചിട്ടുണ്ട്. *ഈ സാഹചര്യത്തിൽ, 1989–90 സാമ്പത്തിക വർഷത്തിൽ കാലാവധി പൂർത്തിയാകുന്ന സാമൂഹ്യവനവൽക്കരണ പദ്ധതി രണ്ട് വർഷത്തേക്കുകൂടി ദീർഘിപ്പിക്കണമെന്ന നിർദേശം സ്വീകരിക്കുന്നത് കേരളത്തിൻെറ താൽപര്യങ്ങൾക്ക് കടകവിരുദ്ധമായിരിക്കും.*

**സാമൂഹ്യവനവൽക്കരണ പദ്ധതി പാടെ പുനഃപരിശോധിക്കുക.**

വ്യാപകമായ വിമർശനങ്ങളുടെ പശ്ചാത്തലത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യവനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട്, താഴെ പറയുന്ന പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്താൻ കേരള സർക്കാർ തയ്യാറാവണം.

1) നിയമസഭയുടെ എസ്ററിമേററ്സ് കമ്മററി വിലയിരുത്തലിൻെറ അടിസ്ഥാനത്തിൽ പദ്ധതിയുടെ കഴി

ഞ്ഞ 6 വർഷത്തെ പ്രവർത്തനം സമഗ്രമായ ഒരന്വേഷണത്തിനു വിധേയമാക്കണം.

2) പദ്ധതിയിലൂടെ വിതരണം ചെയ്ത തൈകളുടെ അതിജീവന ക്ഷമത, ഇതുവഴി ഉണ്ടായ സാമ്പത്തികനേട്ടം എന്നിവ യഥാർഥ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി വിലയിരുത്തണം.

3) വേണ്ടത്ര പഠനങ്ങൾ നടത്താതെ കാട്ടിലും നാട്ടിലും വിദേശ സസ്യജനുസ്സുകൾ വ്യാപിപ്പിക്കുന്ന രീതി അവസാനിപ്പിക്കണം.

4) സാമൂഹ്യ വനവൽക്കരണത്തിന് അനുയോജ്യമായ നാടൻ സസ്യജനുസ്സുകൾ സംബന്ധിച്ച ഗവേഷണം പ്രോൽസാഹിപ്പിക്കണം.

5) നൈസർഗിക വനമേഖലയിലെ തരിശുഭൂമി പുനർവനവൽക്കരിക്കുന്ന പ്രവർത്തനം ശാസ്ത്രീയമായി നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുക.

6) നൈസർഗിക വനസംരക്ഷണ പ്രവർത്തനങ്ങൾ അവഗണിക്കുന്നതുമൂലം സംഭവിച്ചിട്ടുള്ള ഗുരുതരമായ വീഴ്ചകൾ വിലയിരുത്തുകയും അവ തിരുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

7) ലോകബാങ്ക് സഹായത്തോടെയുള്ള സാമൂഹ്യവനവൽക്കരണപദ്ധതിയുടെ കാലയളവ് ദീർഘിപ്പിക്കാനുള്ള നിർദേശം തള്ളിക്കളയണം.

കേരളത്തിന്റെ സാഹചര്യങ്ങൾക്ക് അനുസൃതമായ,ജനകീയ പിൻതുണയോടുകൂടിയ ഒരു സാമൂഹ്യവനവൽക്കരണ പരിപാടി ആവിഷ്ക്കരിക്കുന്നതിനായി താഴെപറയുന്ന നിർദേശങ്ങൾ ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

1) സാമൂഹ്യവനവൽക്കരണ പ്രവർത്തനത്തിന്റെ ചുമതല,സംസ്ഥാന തലത്തിൽ രൂപീകരിക്കുന്ന ഒരു ബോർഡിന്റെ കീഴിലാക്കുക. ഈ ബോർഡിനുകീഴിൽ ഓരോ ജില്ലയിലും ജില്ലാ ബോർഡുകൾ രൂപീകരിക്കുക.

2) പദ്ധതിനടത്തിപ്പിന് പ്രാരംഭമായി ഓരോ പഞ്ചായത്തിലേയും (മുൻസിപ്പാലിററി, കോർപ്പറേഷൻ ഇവയി

ലേയും) സാമൂഹ്യ, സന്നദ്ധസംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജനകീയ കമ്മററികൾ രൂപീകരിക്കുക. ശാസ്ത്രീയവശങ്ങൾ നിഷ്ക്കർഷിക്കുന്നതിനായി പ്രസ്തുത കമ്മററിയിൽ ഒരു വനപാലകനെയും ഉൾപ്പെടുത്തണം.

3) പഞ്ചായത്ത് മെമ്പർമാരുടെ സഹായത്തോടെ ഓരോ വാർഡുകളിലുമുള്ള പുരയിടങ്ങൾ, പുറമ്പോക്ക്, റോഡുകളുടെ പാർശ്വഭാഗങ്ങൾ ഇവ തിട്ടപ്പെടുത്തുകയും, അതിനനുസൃതമായി ആവശ്യമുള്ള വൃക്ഷത്തൈകളുടെ എണ്ണം നിശ്ചയിക്കുകയും ചെയ്യുക.

4) തൈകളുടെ പരിചരണവും സംരക്ഷണവും ജനകീയ കമ്മററികളുടെ ചുമതലയിലാക്കുക.

5) ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, കാർഷിക വിളചേരുവ എന്നിവ കണക്കിലെടുത്ത്, ആ പ്രദേശത്തിന് അനുയോജ്യമായ ഹ്രസ്വകാല വിറകു വൃക്ഷങ്ങൾ, ഫലവൃക്ഷങ്ങൾ എന്നിവ നിശ്ചയിക്കുക.

6) ഉല്പാദനം പൂർണമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാക്കുക. വിറകു വൃക്ഷങ്ങളിൽനിന്നു ലഭിക്കുന്ന വിറകും മററും റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ പഞ്ചായത്തുകളെ ചുമതലപ്പെടുത്തുക.

7) വനഭൂമി അടക്കമുള്ള തരിശുഭൂമികൾ, നഗരസഭകൾക്കു കീഴിലുള്ള പുറമ്പോക്കുകൾ, സർക്കാർ സ്ഥാപനങ്ങൾക്കു ചുററുമുള്ള വെളിപ്രദേശങ്ങൾ എന്നിവിടങ്ങളിലെ ശാസ്ത്രീയമായ വൃക്ഷവൽക്കരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് പരിപാടി തയ്യാറാക്കിക്കുക. ഇതിനാവശ്യമായ സാങ്കേതിക സഹായം ജില്ലാബോർഡുകൾ നൽകേണ്ടതാണ്. ഇത്തരത്തിൽ ഓരോ ജില്ലക്കും ഓരോ ജില്ലാ പ്ളാൻ തയ്യാറാക്കണം.

8) ജില്ലാവനവൽക്കരണ ബോർഡുകളിൽ ജനകീയ പ്രവർത്തകർ, സന്നദ്ധസംഘടനാപ്രവർത്തകർ, വനംവകു

പ്പീലെ വിദഗ്ദർ എന്നിവരെയെല്ലാം ഉൾപ്പെടുത്തണം. നടുന്ന തൈകളെ സംബന്ധിച്ചും പരിചരണ രീതിയെക്കുറിച്ചുമുള്ള ശാസ്ത്രീയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പുതുതായി ആരംഭിച്ച ഫോറസ്ട്രികോളേജിലെ വിദ്യാർഥികളെ ഉപയോഗപ്പെടുത്താവുന്നതാണ്.

9) ആദിവാസി പ്രദേശങ്ങളിലും ഹരിജൻ കോളണിപ്രദേശങ്ങളിലും ഉള്ള തരിശുഭൂമികൾ വൃക്ഷപട്ടാ പദ്ധതിയിൽ ഉൾപ്പെടുത്തി. (Tree Patta Scheme) അവർക്കു നൽകാം. വൃക്ഷത്തൈകളും അവ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള തുകയും ഗഡുക്കളായി അവർക്ക് നൽകണം. വിറകുതടികളിൽ നിന്നുള്ള വിറകും ഫലവൃക്ഷങ്ങളിൽ നിന്നുള്ള ഉല്പന്നവും പട്ട നൽകുന്നവർക്ക് നൽകാം. സ്ഥലം പഞ്ചായത്തിന്റെ അധീനതയിൽത്തന്നെ നിലനിർത്തണം. (ഈ പദ്ധതി ആന്ധ്രപ്രദേശിൽ വിജയകരമായി നടപ്പാക്കി വരുന്നുണ്ട്.)

10) ഇത്തരം തരിശുഭൂമികളിൽ മിശ്രവിത്തുകൾ വച്ചുപിടിപ്പിക്കണം. വൃക്ഷത്തൈകൾക്കിടയിൽ ഹ്രസ്വകാലവിളകൾ കൃഷിചെയ്യാനുള്ള സാധ്യത പൂർണമായും ഉപയോഗപ്പെടുത്തണം.

11) വനസംരക്ഷണവുംസാമൂഹ്യവനവൽക്കരണവുംതമ്മിൽ ഇന്ന് നിലനിൽക്കുന്ന വൈരുധ്യം പരിഹരിച്ച്, രണ്ട് പ്രവർത്തനങ്ങളും പരസ്പര പൂരകങ്ങളാക്കിത്തീർക്കണം.

വില ഒരു രൂപ